ഭരണഭാഷ മാതൃഭാഷ

ജില്ലാ സാമൂഹ്യനീതി ആഫീസ്
പത്തനംതിട്ട. 689645
E.mail:dsjopta@gmail.com
Ph No.04682325168 .

നം.പി2-1280/15

തീയതി.31/08/2016

പബ്ലിക് ഇൻഫർമേഷൻ ആഫീസർ
&
ജില്ലാസാമൂഹ്യനീതി ആഫീസർ
പത്തനംതിട്ട.

ശ്രീ.ജോർജ്ജ് വർഗീസ്,
പുതുപറമ്പിൽ വീട്,
വെണ്ണിക്കുളം.

സർ,

വിഷയം : സാമൂഹ്യനീതിവകുപ്പ്-ജില്ലാസാമൂഹ്യനീതിആഫീസ്,പത്തനംതിട്ട- വിവരാവകാശനിയമപ്രകാരമുള്ള അപേക്ഷ - മറുപടി നൽകുന്നത് സംബന്ധിച്ച്.

സൂചന : താങ്കളുടെ 29/08/16 ലെ അപേക്ഷ.

O/C

സൂചനയിലൂടെ ആവശ്യപ്പെട്ട വിവരങ്ങൾക്കുള്ള മറുപടി താങ്കൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിന് ജില്ലാചെൽഡ്പ്രൊട്ടക്ഷൻ ആഫീസർക്ക് നൽകിയിട്ടുണ്ടെന്നുള്ള വിവരം അറിയിക്കുന്നു.

മേൽ സൂചിപ്പിച്ച മറുപടി തൃപ്തികരമല്ലാത്തപക്ഷം തിരുവനന്തപുരത്ത് പൂജപ്പുരയിൽ പ്രവർത്തിക്കുന്ന റീജിയണൽഅസിസ്റ്റന്റ് ഡയറക്ടർ ,സാമൂഹ്യനീതി വകുപ്പ് എന്ന വിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

31/8/16

പബ്ലിക്ഇൻഫർമേഷൻ ആഫീസർ
&
ജില്ലാസാമൂഹ്യനീതി ആഫീസർ
പത്തനംതിട്ട

2 - 1576/16

ഡിസിപിയു/പിടിഎ/360/16

പത്തനംതിട്ട ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ആഫീസറുടെ കാര്യാലയം, ആറൻമുള 26.09.2016

ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ആഫീസർ
പത്തനംതിട്ട

ജില്ലാ സാമൂഹ്യ നീതി ആഫീസർ
പത്തനംതിട്ട

സർ,

വിഷയം:- സാ.നീ.വ-ഐ.സി.പി.എസ്-ഡിസിപിയു പത്തനംതിട്ട- വിവരാവകാശം മറുപടി നൽകുന്നത് സംബന്ധിച്ച്

4/10/16

സൂചന:- 29/08/2016 ലെ ജില്ലാ സാമൂഹ്യ നീതി ആഫീസറുടെ പി2/1416 ാം നമ്പർ കത്ത്

മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ബാലവേല (നിരോധനവും നിയന്ത്രണവും) നിയമം 1986 പ്രകാരം 14 വയസ്സിൽ താഴെയുള്ള കുട്ടികളെ കൊണ്ട് അപകടകരമായ തൊഴിൽ ചെയ്യിപ്പിക്കുന്നത് കുറ്റകരമാണ്.

ബാലനീതി (ശ്രദ്ധയും സംരക്ഷണവും) നിയമം 2015 വകുപ്പ് 79 പ്രകാരം 18 വയസ്സിൽ താഴെയുള്ള കുട്ടികളെ നിർബന്ധപൂർവ്വമായോ തടങ്കലിൽ വെച്ചു കൊണ്ടോ തൊഴിൽ എടുപ്പിച്ചാലോ വേതനം തടഞ്ഞു വെയ്ക്കുകയോ, അല്ലെങ്കിൽ വേതനം തൊഴിൽ ദാതാവിന്റെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയോ ചെയ്യുകയാണെങ്കിലോ അഞ്ചു വർഷത്തിൽ കുറയാതെ കഠിന തടവും ഒരു ലക്ഷം രൂപ പിഴയും കൂടിയോ ശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യമാണ്.

സൂചനയിൽ ആവശ്യപ്പെട്ടിരിക്കുന്ന പ്രകാരം വീട്ട് ജോലിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും നിയമമോ ചട്ടമോ ഈ കാര്യാലയം മുഖേന നിർവ്വഹിക്കപ്പെടുന്നില്ല. ആയതിനാൽ ഏതെങ്കിലും വ്യക്തിയെ വീട്ട് ജോലിക്ക് നിർത്തുന്നതിനുള്ള കുറഞ്ഞ പ്രായപരിധി, നിബന്ധനകൾ എന്നിവ സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ ലഭ്യമല്ല എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

വിശ്വസ്തതയോടെ

അബീൻ. എ.ഒ.
ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ആഫീസർ
പത്തനംതിട്ട